പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6077 10/07/2012-ൽ മറുപടിക്ക്

## നഗരങ്ങളിലെ വാഹന പാർക്കിംഗ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ:<br>ശ്രീ. തോമസ് ചാണ്ടി: | | **ശ്രീ.മഞ്ഞളാംകുഴി അലി**<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | നഗരങ്ങളിലെ വാഹന പാർക്കിംഗ് ഉണ്ടാക്കുന്ന പ്രയാസങ്ങളും പാർക്കിംഗിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) & (ബി) ഉണ്ട്. നഗരപ്രദേശങ്ങളിൽ വിവിധ വിനിയോഗങ്ങൾക്കായുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് ആവശ്യമായ മിനിമം പാർക്കിംഗ് സൗകര്യങ്ങൾ മുഖ്യമായും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34-ൽ പ്രതിപാദിക്കുന്നുണ്ട്. വർദ്ധിച്ചു വരുന്ന വാഹന ബാഹുല്യവും അതോടനുബന്ധിച്ച് ആവശ്യമായി വരുന്ന പാർക്കിംഗ് സൗകര്യങ്ങളിലെ വർദ്ധനവും കണക്കിലെടുത്ത് 2009-10 കാലയളവിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ആവശ്യമാണെന്നു കാണുന്ന പക്ഷം ഇതിനായുള്ള വ്യവസ്ഥകൾ ഇപ്പോൾ പരിഗണനയിലുള്ള കെട്ടിട നിർമ്മാണചട്ടങ്ങളിലുള്ള ഭേദഗതിയിൽ ഉൾപ്പെടുത്തുന്നതാണ്. |
| (ബി) | കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും നിർമ്മാണ അനുമതി നൽകുമ്പോൾ ത്തന്നെ അവിടെ എത്തുന്ന വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ചുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾങ്ങൾകൂടി പരിശോധനാ വിഷയമാക്കുമോ; | |
| (സി) | ഓൺറോഡ് പാർക്കിംഗ് പൂർണ്ണമായും ഒഴിവാക്കുമോ; | (സി) & (ഡി) പരിഗണനയിലില്ല. |
| (ഡി) | ഇതിനായി ബഹുനില പാർക്കിംഗ് സംവിധാനങ്ങൾ സർക്കാർമേഖലയിലും സ്വകാര്യമേഖലയിലും ഏർപ്പെടുത്തുമോ; | |

| | | | |
|---|---|---|---|
| (ഇ) | സമീപപ്രദേശങ്ങളിൽ നിന്ന് വാഹനങ്ങൾ നഗരങ്ങളിൽ പ്രവേശിച്ച് ഉണ്ടാകുന്ന ഗതാഗത തിരക്കും പാർക്കിംഗ് പ്രശ്നങ്ങളും ഒഴിവാക്കുവാൻ നഗരപ്രാന്തങ്ങളിൽ വൻകിട പാർക്കിംഗ് സ്ഥലങ്ങളും ഇത്തരം വാഹനങ്ങളുടെ നഗരപ്രവേശനത്തിന് ഫീസും ഏർപ്പെടുത്തുമോ; | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | ഇതിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് നഗര പ്രാന്തങ്ങളിലെ പാർക്കിംഗ് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നവർക്ക് ലോഫ്ലോർ ബസ്സുകളിൽ സൗജന്യ യാത്ര അനുവദിക്കുമോ? | (എഫ്) | |

സെക്ഷൻ ഓഫീസർ